(9) കാർഷിക കടങ്ങൾക്ക് മോറട്ടോറിയം ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ 14 സംസ്ഥാനങ്ങളെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചു. കേരളവും ഈ ലിസ്റ്റിൽ വരേണ്ടതാണ്. 4,000 കോടി രൂപയുടെ സഹായമാണ് ഈ 14 സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. താരതമ്യേന മഴ കൂടുതൽ കിട്ടിയ തമിഴ്നാടിനെ ഇതിൽ ഉൾപ്പെടുത്തി. പക്ഷേ കേരളത്തെ ഉൾപ്പെടുത്തിയില്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഈ 14 സംസ്ഥാനങ്ങൾ ഒഴിച്ചുള്ള സംസ്ഥാനങ്ങളിൽ ഏതെങ്കിലും ജില്ലയോ താലൂക്കോ വരൾച്ച ബാധിത പ്രദേശമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ പ്രദേശത്തെ കൃഷിക്കാർക്ക് ഇതിന്റെ സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ല വലിയ വരൾച്ച അനുഭവിക്കുന്ന ജില്ലയാണ്. ചിറ്റൂരിനെ താലൂക്കായിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കൃഷിക്കാർക്കും ചിറ്റൂർ താലൂക്കിലെ കൃഷിക്കാർക്കും പൊതുവേ കേരളത്തിലെ കൃഷിക്കാർക്കും ഇതിന്റെ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകണം. ധനകാര്യവകുപ്പും അതുപോലെ സഹകരണ വകുപ്പും കൃഷി വകുപ്പും ഒക്കെകൂടി സംയോജിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമാണ് ഇതിന്റെ ഭാഗമായിട്ട് ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് നേതൃത്വം കൊടുക്കണം എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): വരൾച്ച ബാധിത പ്രദേശങ്ങളിലെ കർഷകരുടെ കാർഷിക കടങ്ങൾക്ക് കേന്ദ്ര സർക്കാരാണ് മോറട്ടോറിയം പ്രഖ്യാപിച്ചത്. അത് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഒരു പദ്ധതിയല്ല. കൊമേഴ്സ്യൽ ബാങ്കിൽ നിന്നും കൃഷിക്കായി എടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി ചില ഇളവുകൾ കേന്ദ്ര സർക്കാർ അനുവദിച്ചതായി മനസ്സിലാക്കുന്നു. വായ്പകൾ പുനഃക്രമീകരിക്കുന്നതിനും പുതിയ വായ്പ നൽകുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷം നിർദ്ദേശം നൽകിയതായി അറിയാൻ കഴിഞ്ഞു. അതിന്റെ കാലാവധി നീട്ടിയതായി അറിയാം. ഏതായാലും ഈ വിവരം ഗവൺമെന്റ് അന്വേഷിക്കാം. കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനത്തെക്കുറിച്ചുള്ള കാര്യങ്ങൾ ദേശസാൽകൃത ബാങ്കുകളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

(10) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പരവൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്; അതിന്റെ ടെണ്ടർ നടപടി മാത്രം ആരംഭിക്കുന്നില്ല. അതോടൊപ്പം തന്നെ 1998-ൽ പ്രവർത്തനം ആരംഭിച്ച കുണ്ടമൺ പാലത്തിന്റെ നിർമ്മാണം മുൻ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് കുറച്ച് പൈലുകൾ വാർത്തു വച്ചത് ഈ ഗവൺമെന്റ് വന്നപ്പോൾ അത് കുഴിച്ചിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് അത് നിർമ്മിക്കുന്നത്. പൈസ വാങ്ങി അവർ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ വിനിയോഗിക്കുകയാണ്. പുതിയ ഒരു നിർമ്മാണ പ്രവർത്തനവും നടക്കുന്നില്ല. കൊല്ലം-ആയൂർ റോഡ് എന്ന് പറഞ്ഞാൽ ലോകബാങ്ക് ഏറ്റെടുത്തിട്ടുള്ള പ്രധാന റോഡാണ്. ഈ പാലം പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): 85 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പരവൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് 18-10-2002-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ ആർക്കിടെക്ച്ചറൽ ഡ്രായിംഗ്സ്, സ്ട്രക്ച്ചറൽ ഡിസൈൻ ഇവ തയ്യാറാക്കുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി പണി ടെന്റർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം-ആയൂർ റോഡിൽ കുണ്ടമൺ പാലത്തിന്റെ പുനർ നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കെ. സി. സി.-യാണ് കരാർ പൂർത്തിയാക്കേണ്ടത്. സ്ഥലം ഹാന്റോവർ ചെയ്തിരുന്നു. 19-1-2000-ൽ ആണ് ഈ പണിക്ക് നബാർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുള്ളത്. പണി സമയബന്ധിതമായി തീർക്കാത്തതിനാൽ കരാർ റദ്ദാക്കുന്നതിന് അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. പണി പുനരാരംഭിക്കാത്ത പക്ഷം കരാർ റദ്ദാക്കി ബാക്കി പണി റീ-അറേഞ്ച് ചെയ്യുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണ്.

IV. റിപ്പോർട്ട് സമർപ്പണം

(1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാല്പത്തി ഒൻപതു മുതൽ അൻപത്തിരണ്ടുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 49 മുതൽ 52 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly